പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1793 **26-10-2026-ൽ മറുപടിയ്ക്ക്**

സംസ്ഥാന വികസന പദ്ധതി രൂപീകരണവും ആസൂത്രണ ബോർഡിന്റെ പ്രവർത്തനവും

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	**മറുപടി നൽകിയ മന്ത്രി**
ശ്രീമതി ഒ. എസ്. അംബിക	ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

(എ) സംസ്ഥാനത്തെ വികസന പദ്ധതികളുടെ രൂപീകരണവുമായി ബന്ധപ്പെട്ട ചുമതലകൾ പുറംകരാർ നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തീരുമാനത്തിന്റെ വിശദാംശങ്ങളും കാരണങ്ങളും വ്യക്തമാക്കുമോ;

മറുപടി: സംസ്ഥാനത്തെ വികസന പദ്ധതികളുടെ രൂപീകരണവുമായി ബന്ധപ്പെട്ട ചുമതലകൾ പുറംകരാർ നൽകാൻ തീരുമാനിച്ചിട്ടില്ല.

(ബി) സംസ്ഥാന ആസൂത്രണ ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമല്ലെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണോ പദ്ധതി രൂപീകരണ ചുമതലകൾ പുറംകരാർ നൽകാൻ തീരുമാനിച്ചത്; വ്യക്തമാക്കുമോ;

മറുപടി: സംസ്ഥാനത്തെ വികസന പദ്ധതികളുടെ രൂപീകരണവുമായി ബന്ധപ്പെട്ട ചുമതലകൾ പുറംകരാർ നൽകാൻ തീരുമാനിച്ചിട്ടില്ല.

(സി) സംസ്ഥാന ആസൂത്രണ ബോർഡ് പിരിച്ചുവിടാൻ ഉദ്ദേശ്യമുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

മറുപടി: സംസ്ഥാന ആസൂത്രണ ബോർഡ് പിരിച്ചുവിടാൻ നിലവിൽ ഉദ്ദേശിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ